ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. 2025-26 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിന് പാർലമെന്റിന്റെ അംഗീകാരം.

   **The Parliament approves Union Budget 2025-26.**

2. ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ലോക്സഭ പാസാക്കി; ഇന്ത്യയിലെത്തുന്ന വിദേശ പൗരന്മാരുടെ നിരീക്ഷണത്തിന് സംവിധാനം ഒരുക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി.

   **The Lok Sabha has passed the Immigration and Foreigners Bill, 2025. The Union Home Minister said that a system will be initiated for the surveillance of foreign nationals arriving in India.**

3. ജമ്മു കശ്മീരിലെ കത്വയിൽ സുരക്ഷാ സേന മൂന്ന് ഭീകരരെ വധിച്ചു; ഏറ്റുമുട്ടലിൽ മൂന്ന് സൈനികർക്ക് വീരമൃത്യു.

   **In Jammu and Kashmir, three terrorists were killed while an equal number of security forces personnel lost their lives in an encounter in Kathua district.**

4. 2030 ഓടെ ഇന്ത്യ - റഷ്യ ഉഭയകക്ഷി വ്യാപാരം 100 ബില്യൺ ഡോളറായി വർധിപ്പിക്കുക ലക്ഷ്യമെന്ന് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ.

   **External Affairs Minister S Jaishankar said the aim is to increase India-Russia bilateral trade to $100 billion by 2030.**

5. കേരളത്തിലെ 82 ശതമാനം പൊതുജലാശയങ്ങളിലും കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം അപകടകരമായ അളവിലെന്ന് മന്ത്രി എം.ബി.രാജേഷ്.

   **Minister M B Rajesh said that the presence of coliform bacteria in 82 per cent of the public water bodies in Kerala is at an alarming level.**

6. ഐ പി എൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ലഖ്നൗ സൂപ്പർ ജയന്റ്സിന് അഞ്ച് വിക്കറ്റ് ജയം.

   **In the Indian Premier League, Lucknow Super Giants defeated Sunrisers Hyderabad by five wickets.**

&&&&&&&&&&&&&&&&&&&&&&&&&&&

**LS - NIRMALA (INTRO)**

2025-26 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിന് പാർലമെൻറിൻറെ അംഗീകാരം. ലോക്സഭ പാസാക്കിയ ധനബില്ലും, ധനവിനിയോഗ ബില്ലും ചർച്ചയ്ക്ക് ശേഷം രാജ്യസഭ ലോക്സഭയ്ക്ക് തിരിച്ചയച്ചതോടെയാണ് ബജറ്റിന് പാർലമെന്റിന്റെ അംഗീകാരം പൂർത്തിയായത്. നികുതി ഉറപ്പ് വരുത്തുക, ബിസിനസ്സ് സുഗമമാക്കുക എന്നിവയാണ് 2025 ലെ ധനകാര്യ

ബില്ലിന്റെ ലക്ഷ്യമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ബിൽ രാജ്യസഭയിൽ അവതരിപ്പിക്കവെ പറഞ്ഞു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&

## AMIT SHAH ( INTRO)

ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025 ലോക്സഭ പാസാക്കി. ഇന്ത്യയിലെത്തുന്ന വിദേശ പൗരൻമാരെ നിരീക്ഷിക്കുന്നതിന് വിശദവും ഘടനാപരവുമായ സംവിധാനം സ്ഥാപിക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ലോക്സഭയിൽ ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബില്ലിന്മേലുള്ള ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥയ്ക്കും വളർച്ചയ്ക്കും സംഭാവന നൽകാൻ ഇന്ത്യയിലേക്ക് വരുന്നവരെ എല്ലായ്പ്പോഴും സ്വാഗതം ചെയ്യുന്നതായും കേന്ദ്ര ആഭ്യന്തരമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

## PM-BELGIUM KING

പ്രധാനമന്ത്രി നരേന്ദ്രമോദി ബെൽജിയം രാജാവ് ഫിലിപ്പെയുമായി ടെലിഫോൺ സംഭാഷണം നടത്തി. ഉഭയകക്ഷി ബന്ധത്തിന്റെ ശക്തിപെടുത്തൽ, വ്യാപാരവും നിക്ഷേപവും വർദ്ധിപ്പിക്കൽ, സുസ്ഥിര സഹകരണം എന്നിവ ചർച്ച ചെയ്തതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. അടുത്തിടെ ആസ്ട്രിഡ് രാജകുമാരി നയിച്ച ഇന്ത്യയിലേക്കുള്ള ബെൽജിയൻ സാമ്പത്തിക ദൗത്യത്തെയും ശ്രീ. മോദി അഭിനന്ദിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&

## JK - ENCOUNTER - KATHUA

ജമ്മു കശ്മീരിലെ കത്വയിൽ സുരക്ഷാ സേന മൂന്ന് ഭീകരരെ വധിച്ചു. ഏറ്റുമുട്ടലിൽ മൂന്ന് സൈനികർ വീരമൃത്യു വരിച്ചു. ജുതാനയിലെ വനമേഖലയിലാണ് ഏറ്റുമുട്ടലുണ്ടായത്. ഒരു ഡി വൈ എസ് പി ഉൾപ്പെടെ നാല് സുരക്ഷാ ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. ഭീകരർക്കായ് ഇന്നലെ രാവിലെ ആരംഭിച്ച തെരച്ചിലാണ് ഏറ്റുമുട്ടലിൽ കലാശിച്ചത്.

&&&&&&&&&&&&&&&&&&&&&&&&&&&

## LS-COOPERATIVE TAXI

ഓൺലൈൻ പ്ലാറ്റ്ഫോമുകളായ ഉബറിന്റെയും ഓലയുടെയും മാതൃകയിൽ കേന്ദ്ര സർക്കാർ 'സഹകരണ' ടാക്സി സംവിധാനം ആരംഭിക്കുമെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. സഹകർ സേ സമൃദ്ധി പദ്ധതിയുമായി പൊരുത്തപ്പെടുന്നതായിരിക്കും ഈ സംവിധാനമെന്ന് ലോക്സഭയിൽ നടന്ന ചർച്ചയ്ക്കിടെ അദ്ദേഹം അറിയിച്ചു. ലാഭം നേരിട്ട് ഡ്രൈവർമാർക്ക് ലഭ്യമാക്കുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നതെന്നും ശ്രീ ഷാ പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

## DEFENCE-PROCUREMENTS

നാഗ് മിസൈൽ സിസ്റ്റം, 5,000 ലൈറ്റ് വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനായി 2,500 കോടി രൂപയുടെ കരാറിൽ പ്രതിരോധ മന്ത്രാലയം ഒപ്പുവച്ചു. ന്യൂഡൽഹിയിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങിന്റെ സാന്നിധ്യത്തിലാണ് കരാറുകൾ ഒപ്പുവെച്ചത്. നാഗ് മിസൈലിന്റെയും ലൈറ്റ് വാഹനങ്ങളുടെയും സംഭരണം തദ്ദേശീയവൽക്കരണവും ദേശീയ പ്രതിരോധ ഉപകരണ നിർമ്മാണ ശേഷിയും വർദ്ധിപ്പിക്കുമെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. വിവിധ ഘടകങ്ങളുടെ

നിർമ്മാണത്തിലൂടെ എം.എസ്.എം.ഇ മേഖലയെ പ്രോത്സാഹിപ്പിക്കുകയും നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&&&

## BAL PURASKAR-APPLICATION

കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്ക്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചു. നാഷണൽ അവാർഡ്സ് പോർട്ടലിലൂടെ അടുത്ത മാസം ഒന്ന് മുതൽ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. വിവിധ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ച 5 നും 18 നും വയസ്സിനിടയിൽ പ്രായമുള്ള കുട്ടികളെയാണ് പുരസ്ക്കാരത്തിനായി പരിഗണിക്കുന്നത്. ജൂലൈ 31-ാണ് അവസാന തീയതി.

&&&&&&&&&&&&&&&&&&&&&&&&&&&

## CHILE PRESIDENT VISIT

ചിലി പ്രസിഡന്റ് ഗബ്രിയേൽ ബോറിക് ഫോന്റ് അഞ്ച് ദിവസത്തെ സന്ദർശനത്തിനായി അടുത്ത മാസം ഒന്നിന് ഇന്ത്യയിലെത്തും. മന്ത്രിമാർ, പാർലമെന്റ് അംഗങ്ങൾ, മുതിർന്ന ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഉന്നതതല സംഘം അദ്ദേഹത്തെ അനുഗമിക്കും. പ്രസിഡന്റ് പദവിയിലെത്തിയ ശേഷം ബോറിക് ഫോന്റിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായുള്ള കൂടിക്കാഴ്ച ഏപ്രിൽ ഒന്നിനാണ്. തുടർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ഒരുക്കുന്ന അത്താഴ വിരുന്നിലും അദ്ദേഹം പങ്കെടുക്കും. ആഗ്ര, മുംബൈ, ബംഗളൂരു എന്നിവിടങ്ങൾ ചിലി പ്രസിഡന്റ് സന്ദർശിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും ഇന്ന് കൂടി സമർപ്പിക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പർ, Narendra Modi App, MyGov Open Forum എന്നിവയിലൂടെ അഭിപ്രായങ്ങൾ അറിയിക്കാവുന്നതാണ്.

മറ്റെന്നാളാണ് പരിപാടിയുടെ 120-ാാം പതിപ്പിൻറെ പ്രക്ഷേപണം. ആകാശവാണിയുടെയും ദൂരദർശൻ്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും. ഹിന്ദി പ്രക്ഷേപണത്തിന് ശേഷം പ്രാദേശിക ഭാഷകളിൽ 'മൻ കീ ബാത്' കേൾക്കാം.

&&&&&&&&&&&&&&&&&&&&&&&&&&&

## JAISHANKAR-RUSSIA CONFERANCE (INTRO)

2030 ഓടെ ഇന്ത്യ-റഷ്യ ഉഭയകക്ഷി വ്യാപാരം 100 ബില്യൺ ഡോളറായി വർദ്ധിപ്പിക്കുകയാണ് ലക്ഷ്യമെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപര പങ്കാളിത്തം കൂടുതൽ ദൃഢമാകുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. മോസ്കോയിലെ ഇന്ത്യൻ എംബസിയും റഷ്യൻ കൗൺസിലും സംഘടിപ്പിച്ച യോഗത്തെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

&&&&&&&&&&&&&&&&&&&&&&&&&&&

## IPL CRICKET

ഐ പി എൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് , സൺറൈസേഴ്സ് ഹൈദരാബാദിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി. ഇന്നലെ നടന്ന മത്സരത്തിൽ, ഹൈദരാബാദ്

ഉയർത്തിയ 191 റൺസ് വിജയലക്ഷ്യം, 16.1 ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ ലഖ്നൗ മറികടന്നു. ഐ പി എല്ലിൽ ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് , റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും. ചെന്നൈയിലെ എം.എ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 7:30 നാണ് മത്സരം.

&&&&&&&&&&&&&&&&&&&&&&&&&&&

## ISL

ഐ.എസ്.എൽ ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കം. നാളെ ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു എഫ്.സി യും മുംബൈ സിറ്റി എഫ്.സി യും ഏറ്റുമുട്ടും. അടുത്തമാസം 12 നാണ് ഫൈനൽ.

&&&&&&&&&&&&&&&&&&&&&&&&&&&

## MB RAJESH

കേരളത്തിലെ 82 ശതമാനം പൊതുജലാശയങ്ങളിലും 78 ശതമാനം കിണറുകളിലും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അപകടകരമായ അളവിലാണെന്ന് മന്ത്രി എം.ബി.രാജേഷ്. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷനും കേരള പത്രപ്രവർത്തക യൂണിയനുമായി സഹകരിച്ചു തിരുവനന്തപുരത്ത് സംഘടിപ്പിച്ച മാധ്യമശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശുചിമുറി മാലിന്യം പുഴയിലും കായലിലും മറ്റു ജലസ്രോതസുകളിലും തള്ളുകയാണെന്നും കരിമീനൊക്കെ കഴിക്കുമ്പോൾ ഇത് ഓർമയിൽ വേണമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&

## KANNUR ( INTRO)

കേരളത്തിൽ, കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയെ അതിദാരിദ്ര്യമുക്ത നഗരസഭയായി പ്രഖ്യാപിച്ചു. നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ ആണ് പ്രഖ്യാപനം നടത്തിയത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ....**

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&

## HEALTH MINISTRY–OXYGEN MANAGEMENT

മെഡിക്കൽ ഓക്സിജൻ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ദേശീയ മാർഗനിർദ്ദേശങ്ങൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറത്തിറക്കി. ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടന്ന ശില്പശാലയിലാണ് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചത്. രാജ്യത്തെ മെഡിക്കൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ സംരക്ഷണ മേഖലകളിലുടനീളം ഏകീകൃത ഓക്സിജൻ മാനേജ്മെന്റിന്റെ മികച്ച രീതികൾ ഉറപ്പാക്കുകയും ചെയ്യുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പ്പാണിത്.

&&&&&&&&&&&&&&&&&&&&&&&&&&&

## TRUMP – IFTAR DINNER

വൈറ്റ് ഹൗസിൽ നടന്ന ഇഫ്താർ വിരുന്നിൽ പങ്കെടുത്ത് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ തന്റെ പാർട്ടിക്ക് പിന്തുണ നൽകിയതിന് അമേരിക്കയിലെ മുസ്ലീം വിഭാഗത്തിന് ട്രംപ് നന്ദി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&